₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 13
Issue 9

**March 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 13 Issue 9 March 2025 pages 24 Rs.5/**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Book No. 159**

## ഉള്ളടക്കം

പേജ്

- മക്കൾ: ദാനം,അവകാശം,പ്രതിഫലം 3
- പ്രതികരണങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (13) 7
- കെ. വി. ഐസക്ക്(അഭിമുഖം)(12) 10
- യോനാ (പുസ്തകപഠനം) (10) 14
- കൊച്ചുണ്ണിയുടെ... വായന (28) 17
- ഓരോരോ ജന്മങ്ങള്! (19) 19
- തട്ടും തലോടലും (7) 20
- സൂപ്പർ തലമുറ 24

**ഈ മാസികയുടെ ലക്ഷ്യം:**
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# മക്കൾ:
# ദാനം, അവകാശം, പ്രതിഫലം

# Children:
# Gift, Heritage and Reward

മക്കളില്ലാതെ സങ്കടപ്പെടുന്നവരുണ്ട്. മക്കളെ ലഭിച്ചിട്ടും സംതൃപ്തിയില്ലാത്തവരുമുണ്ട്. ആൺകുട്ടിയായിരുന്നു എനിക്ക് ഇഷ്ടം, ലഭിച്ചത് പെൺകുട്ടിയായി എന്നുപറഞ്ഞ് പിറുപിറുക്കുന്നവർ. ഇനി, മൂന്നാമതൊരു കൂട്ടരുണ്ട്. കിട്ടിയ മക്കളെ സംരക്ഷിക്കാത്തവരാണ് അവർ. മക്കളെ സൂക്ഷിക്കുകയില്ല. മക്കളെ വളർത്താൻ അറിഞ്ഞുകൂടാ. മക്കളെ ശാസിക്കുന്നതും ശിക്ഷിക്കുന്നതും തെറ്റാണെന്നു ചിന്തിക്കുന്നവർ... ഒരു പ്രായം കഴിഞ്ഞാൽ ഒക്കെ ശരിയാവും, അതുകൊണ്ട് ഇപ്പോൾ ശാസിക്കുകയും ശിക്ഷിക്കുകയും വേണ്ട എന്ന് ചിന്തിക്കുന്നവർ...

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമുക്ക് സങ്കീർത്തനം 127:3 വായിക്കാം. **"മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നേ"** ഈ വാക്യത്തിൽ നിന്ന് മക്കളെക്കുറിച്ച് മൂന്നു കാര്യങ്ങൾ നമുക്ക് ചിന്തിക്കാം.

1. **മക്കൾ ദാനമാണ്**

മക്കൾ യഹോവ നൽകുന്നതാണെന്ന് ഇവിടെ കാണുന്നു. ദൈവത്തിൽ നിന്ന് ലഭിക്കുന്നതെല്ലാം ദാനമാണ്. എങ്കിൽ മക്കൾ ദൈവം നൽകുന്ന ദാനമാണ്. ദാവീദ് പറയുന്നത്, "എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു" (സങ്കീ. 139:13) എന്നാണല്ലോ. മക്കളെ ലഭിച്ചവർക്കൊക്കെ ഈ അറിവുണ്ടാകണം. തങ്ങളുടെ കഴിവല്ല, ദൈവം തന്ന ദാനമാണ് മക്കൾ എന്ന് മനസ്സിലാക്കി ദൈവത്തിനു സ്തോത്രം ചെയ്യണം. മാത്രമല്ല, മക്കളെന്ന ദാനം ലഭിച്ച എല്ലാവരും ആ ദാനം ലഭിക്കാത്തവർക്കുവേണ്ടി പ്രാർത്ഥിക്കണം. മക്കളെ ലഭിക്കാത്തവരെ നിന്ദിച്ചും കുറ്റപ്പെടുത്തിയും മുറിവേൽപ്പിച്ചും സംസാരിക്കുന്ന ചിലരുണ്ട്. ഇത്തരം മനോഭാവങ്ങൾ ദൈവികകോപം ക്ഷണിച്ചുവരുത്തുകയേയുള്ളൂ. കാഴ്ചയുള്ളവർ കാഴ്ചയില്ലാത്തവരെ നിന്ദിക്കുന്നത് അത്യന്തം മോശമായ കാര്യമാണല്ലോ. അതുപോലെത്തന്നെയാണ് മക്കളെ ലഭിച്ചവർ ലഭിക്കാത്തവരെ നിന്ദിക്കുന്നതും.

## 2. മക്കൾ അവകാശമാണ്

മക്കൾ യഹോവ നൽകുന്ന അവകാശമാണ്. കനാൻദേശം യിസ്രാ യേൽമക്കൾക്ക് അവകാശമായി കൊടുത്തപോലെ, ദൈവം കൊടുക്കുന്ന അവകാശമാണ് മക്കൾ. കാനാൻദേശം അവകാശമായി കൊടുത്തപ്പോൾ, തങ്ങളുടെ അവകാശത്തിന്റെ കാര്യത്തിൽ അവർ വിശ്വസ്തരായിരിക്കണം എന്നും ആ അവകാശം അവർ സൂക്ഷിക്കണമെന്നും ദൈവം അവരെക്കു റിച്ച് ആഗ്രഹിച്ചിരുന്നു. നമുക്ക് മക്കളെ തരുമ്പോഴും ദൈവത്തിന്റെ ഹിതം അതുതന്നെയാണ്. നാം മക്കളെ സൂക്ഷിക്കണം. ശ്രദ്ധിക്കണം. പരിപാലി ക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃശവാക്യങ്ങൾ 22:6). ഈ രീതിയിൽ മക്കളെ തീരെ ചെറുപ്പം മുതൽ അഭ്യസിപ്പിച്ചുകൊണ്ടുവരാൻ ഓരോ മാതാപിതാക്കളും അതീവശ്രദ്ധ പുലർത്തേണ്ടത് അത്യാവശ്യമാ ണ്. ഈയിടെ പത്രത്തിൽ വന്ന ചില വാർത്തകൾ ഇപ്രകാരമാണ്: ഒമ്പ താംക്ലാസ്സുകാരി പ്രസവിച്ചു, സഹപാഠി അറസ്റ്റിൽ! 72കാരൻ പോക്സോ കേസിൽ പ്രതി. അയാളുടെ ഇരയായ രണ്ടു പെൺകുട്ടികളിൽ ഒരാൾ ആത്മഹത്യ ചെയ്തതോടെയാണ് വിവരം ആളുകൾ അറിയുന്നത്. ഈ വാർത്തകളെല്ലാം വിരൽ ചൂണ്ടുന്നത് മക്കളെ ശ്രദ്ധിക്കുന്നതിൽ വീഴ്ച പറ്റി പ്പോയ മാതാപിതാക്കളിലേക്കാണ്.

മക്കളെ ശാസിക്കുന്നതോ ശിക്ഷിക്കുന്നതോ അവർ ഇഷ്ടപ്പെട്ടുകൊ ള്ളണമെന്നില്ല. പക്ഷേ മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കൾ അവരെ ശാസിച്ചും ശിക്ഷിച്ചും സ്നേഹിച്ചും വളർത്തണം. ഇതിൽനിന്ന് വ്യത്യസ്ത മായ നിലയിലുള്ള ഉപദേശങ്ങൾ സാത്താന്റേതാണ്. ബൈബിൾ പറയു ന്നത് നമുക്ക് ധൈര്യമായി വിശ്വസിക്കാം. ബൈബിൾ പറയുന്നതിന് വിരു ദ്ധമായി കോടതികളോ, മനശ്ശാസ്ത്രജ്ഞരോ, ഭരണാധികാരികളോ പറ ഞ്ഞാൽ, അതുനിമിത്തം ഗുണമില്ലാത്ത ഒരു തലമുറ വളർന്നുവരിക എന്ന ല്ലാതെ മറ്റൊന്നും സംഭവിക്കുകയില്ല. മാതാപിതാക്കൾ ബൈബിൾ പറയു ന്നത് കേൾക്കുക, അനുസരിക്കുക. മക്കളെ ശാസിക്കേണ്ട സമയത്ത് ശാസി ക്കാനോ ശിക്ഷിക്കേണ്ട സമയത്ത് ശിക്ഷിക്കാനോ മടിക്കരുത്.

## 3. മക്കൾ പ്രതിഫലമാണ്

ഭാര്യാഭർത്താക്കന്മാർക്കുള്ള പ്രതിഫലമാണ് മക്കൾ. എന്തിനുള്ള പ്രതി ഫലം? ദൈവം വച്ച വിവാഹമെന്ന സംവിധാനത്തെ സ്വീകരിച്ച്, അവർ പര സ്പരം സ്നേഹിച്ച് ജീവിക്കുന്നതിനുള്ള പ്രതിഫലം. അപ്പോൾ സ്വാഭാവി കമായും ഉയരുന്ന ഒരു ചോദ്യമുണ്ട്: വിവാഹം കഴിക്കാത്തവർക്ക് മക്കളു

ണ്ടാകുന്നില്ലേ? പ്രേമത്തിന്റെ ചതിക്കുരിക്കിൽ പെട്ടവർ, ബലാത്സംഗത്തിന് ഇരയായവർ ഇവർക്കൊക്കെ മക്കളുണ്ടാകുന്നില്ലേ? ഇതൊക്കെ ദൈവം കൊടുത്ത പ്രതിഫലമായി കണക്കാക്കാൻ പറ്റുമോ? മറുപടി പറയാം. "യഹോവയുടെ അനുഗ്രഹത്താൽ സമ്പത്തുണ്ടാകുന്നു" എന്ന് ബൈബിൾ പറയുന്നുണ്ടല്ലോ (സദൃശ. 10:22). കട്ടിട്ടും പിടിച്ചുപറിച്ചും പറ്റിച്ചും പണമുണ്ടാക്കുന്നവർ ഇല്ലേ? യഹോവയുടെ അനുഗ്രഹത്താൽ ഉണ്ടാക്കിയ സമ്പത്താണോ അതെല്ലാം? അതുപോലെ, നേരായ വിധത്തിൽ കുടുംബജീവിതം നയിക്കുന്നവർക്ക് – അവർ വിശ്വാസികളായാലും, അവിശ്വാസികളായാലും – ദൈവം കൊടുക്കുന്ന പ്രതിഫലമാണ് മക്കൾ. കുടുംബജീവിതം നയിക്കാത്തവർക്ക് ലഭിക്കുന്ന മക്കൾ പ്രതിഫലമായി ലഭിക്കുന്ന മക്കളല്ല.

### മക്കളില്ലാത്തവർക്ക് അവകാശവും പ്രതിഫലവും ഇല്ലേ?

വിവാഹിതരായിട്ടും മക്കളെ ലഭിച്ചിട്ടില്ലാത്ത എത്രയോ ആളുകൾ ഉണ്ട്! മക്കളെന്ന അവകാശം ഇവർക്ക് കൊടുക്കാതെ ദൈവം ഇവരോട് അന്യായമായി പെരുമാറുന്നത് എന്തുകൊണ്ട്? ഇതിനു മറുപടിയായി, അവകാശം ലഭിക്കാതെ പോയ ചിലരുടെ കാര്യം നമുക്ക് ചിന്തിക്കാം. ലേവിഗോത്രമാണത്. യിസ്രായേൽമക്കളിലെ ബാക്കി 11 ഗോത്രങ്ങൾക്കും കനാൻദേശത്ത് അവകാശം ലഭിച്ചു. പക്ഷേ ലേവ്യാഗോത്രത്തിനു മാത്രം കിട്ടിയില്ല. അഥവാ ദൈവം അവകാശം കൊടുത്തില്ല. പകരം ദൈവം അവർക്ക് മറ്റൊന്ന് അവകാശമായി കൊടുത്തു. "...താൻ തന്നേ അവരുടെ അവകാശം ആകുന്നു" (യോശുവ 13:33).

ദൈവം എല്ലാവരുടെയും അവകാശമല്ലേ? പിന്നെ ലേവിഗോത്രത്തിനു മാത്രം എന്ത് പ്രത്യേക അവകാശം എന്ന ചോദ്യമാണ് അടുത്തത്. അതിനും മറുപടിയുണ്ട്. "യഹോവയുടെ ദഹനയാഗങ്ങൾ... അവരുടെ അവകാശം ആകുന്നു" (യോശുവ 13:14); "യഹോവയുടെ പൗരോഹിത്യം അവരുടെ അവകാശം ആകുന്നു" (യോശുവ 18:7). ദൈവം എല്ലാവരുടെയും അവകാശമാണെങ്കിലും, കനാൻദേശം എന്ന അവകാശം ലഭിക്കാത്ത ലേവ്യാഗോത്രത്തിന് ദൈവം തന്നെത്തന്നെ പ്രത്യേക അവകാശമായി കൊടുക്കുന്നു. മാത്രമല്ല, ദൈവാലയത്തിലെ ശുശ്രൂഷകളും അവരെ ഏല്പിക്കുന്നു.

അതുകൊണ്ട് മക്കളെന്ന അവകാശം ലഭിക്കാത്തവർ നിരാശപ്പെടേണ്ടതില്ല. സാക്ഷാൽ ദൈവമാണ് നിങ്ങളുടെ അവകാശം. സഭയോടുള്ള ബന്ധത്തിൽ കൂടുതൽ ശുശ്രൂഷകൾ നിങ്ങൾക്ക് ചെയ്യാം. മക്കളെക്കുറിച്ചോർത്തും മക്കൾക്കുവേണ്ടിയും ബാക്കിയുള്ളവർ നെട്ടോട്ടമോടുമ്പോൾ, നിങ്ങൾക്ക് ശാന്തമായി ദൈവികകാര്യങ്ങളിൽ ഏർപ്പെടാൻ കഴിയും. ഭാഗ്യവാന്മാരാണ് നിങ്ങൾ. ദൈവം തന്നെയാണ് നിങ്ങളുടെ അവകാശം!

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### K A Joseph, Changapuzha Nagar, Kochi

ഫെബ്രുവരിമാസത്തിലെ മാസിക കിട്ടി. രണ്ട് രജിസ്ട്രേഷൻ റദ്ദാകുന്നുവെന്ന് കേട്ട് വിഷമം തോന്നി. പ്രാർത്ഥിക്കാനല്ലാതെ ഈ എഴുപത്തിനാലാം വയസ്സിൽ എനിക്ക് ഈ വിഷയത്തിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. സഹോദരൻ തുടക്കം മുതൽ ഈ മാസിക എനിക്ക് അയച്ചുതരുന്നുണ്ട്. വലിയ പ്രചോദനമാണ് ഈ മാസിക. അതുകൊണ്ട് മാസിക മുന്നോട്ടു തന്നെ പോകാൻ ശക്തനായ ദൈവം തുണ നിൽക്കട്ടെ. എല്ലാ തടസ്സങ്ങളും നീങ്ങിപ്പോകാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Shaju Augustine, Muvattupuzha, Ernakulam | Not known |
| T Johnson, Kaloor, Ernakulam | No Reason |
| Kunjamma Varghese, Nadathara, Thrissur | Left |
| R Rajan, Kolappad, Malappuram | Deceased |
| Jose Varghese, Thalayolaparamb, Kottayam | Left |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

## www.reallifevoice.in

നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള മാസികകളും 25-ഓളം പുസ്തകങ്ങളും അതിൽ ലഭ്യമാണ്. ആവശ്യാനുസരണം ഡൗൺലോഡ് ചെയ്ത് വായിക്കാം.

റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ അംഗമാവുക. 95 44 557 557 എന്ന നമ്പറിലേക്ക് മെസേജ് അയച്ചാൽ മതി.

# ആസ്യയിലെ ഏഴ് സഭകൾ

13

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## പെർഗ്ഗമൊസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:12-17)

*പെർഗ്ഗമൊസിലെ സഭയുടെ ദൂതന് എഴുതുക:*
*മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നത് (2:12)*

ആസ്യയിലെ 7 സഭകളിൽ മൂന്നാമത്തേതാണ് പെർഗ്ഗമൊസിലെ സഭ.

**മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ**

ഈ വാൾ പുറപ്പെടുന്നത് കർത്താവിന്റെ വായിൽനിന്നാണ് (1:16). കർത്താവിന്റെ വായിൽ നിന്ന് പുറപ്പെടുന്ന ഈ വാൾ ദൈവവചനമെന്ന വാളാണ് (എഫെസ്യർ 6:17, എബ്രായർ 4:12). വാളിന്റെ രണ്ടുവശത്തും മൂർച്ച യുള്ളതുകൊണ്ട് വെട്ട് ഏൽക്കാനുള്ള സാധ്യത കൂടുതലാണ്. വാളിന്റെ ഏത് വശം കൊണ്ടാലും അവിടം മുറിയും.

ദൈവവചനമെന്ന വാൾ ഉപയോഗിക്കുമ്പോൾ ചിലരുടെ ഹൃദയത്തിൽ കുത്തുകൊള്ളും (അപ്പൊ. പ്രവൃ.2:37); ചിലരുടെ ഹൃദയം കത്തിക്കൊണ്ടി രിക്കും (ലൂക്കൊസ് 24:32); ചിലർ ഭയപരവശരാകും (അപ്പൊ. പ്രവൃ.24:25). ദൈവവചനം എഴുതപ്പെട്ട നിലയിൽ പുസ്തകമായി നമുക്ക് ലഭിച്ചിട്ടുണ്ട ല്ലോ. ആ പുസ്തകം (ബൈബിൾ) വായിക്കുമ്പോൾ കുത്തൽ, കത്തൽ, ഭയം എന്നിവയൊക്കെ ഉണ്ടാകുന്നുവെങ്കിൽ നല്ലത്. ഒരു വികാരവും ഇല്ലാതെ വഴിപാടുപോലെ ബൈബിൾ വെറുതെ വായിച്ചുപോകുന്നതുകൊണ്ട് പ്രയോ ജനമൊന്നുമില്ല. ആ വചനങ്ങൾ നമ്മെ സ്പർശിക്കണം. നമ്മുടെ തെറ്റു കളെ വെട്ടിമുറിക്കണം. നമ്മെ ഉണർത്തണം. നമ്മെ ഉന്മേഷമുള്ളവരാക്ക ണം. ഇതൊന്നും നടക്കുന്നില്ലെങ്കിൽ, അത്തരം ബൈബിൾവായന വ്യർ ത്ഥമാണെന്നു പറയേണ്ടിവരും.

ഈ സഭയിൽ രണ്ട് ദുരുപദേശങ്ങൾ ഉള്ളതായി നാം വായിക്കുന്നുണ്ട് (വാക്യം 14,15). അതുകൊണ്ടാകാം ദൈവവചനമാകുന്ന ഇരുവായ്ത്തലവാളിന്റെ കാര്യം പറഞ്ഞ് കർത്താവ് അവർക്ക് പരിചയപ്പെടുത്തുന്നത്. ദൈവം ഓരോരുത്തർക്കും തന്നെത്തന്നെ വെളിപ്പെടുത്തുന്നത് പല തരത്തിലാണ്. ഇയ്യോബിന് ചുഴലിക്കാറ്റിൽ (ഇയ്യോബ് 38:1); മോശെക്ക് കത്തുന്ന മുൾപ്പടർപ്പിൽ (പുറപ്പാട് 3:2); ഏലിയാവിന് ബഹളവും ഒച്ചപ്പാടും ഇല്ലാതെ മൃദുവായി (1 രാജാക്കന്മാർ19:11-13); ശിഷ്യന്മാർക്ക് കടലിന്മീതെ നടക്കുന്നവനായി...

ഓരോരുത്തർക്കും അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് അനുസൃതമായാണ് കർത്താവ് പ്രത്യക്ഷപ്പെടുന്നത്. ദൈവത്തോട് വാദിക്കാൻ തയ്യാറാണ് എന്നു പറഞ്ഞ ഇയ്യോബിന്റെ (ഇയ്യോബ് 23:3,4) നാവടക്കാനായി (40:4) യഹോവ ശക്തിയായ ചുഴലിക്കാറ്റിൽ പ്രത്യക്ഷനായി. ബലഹീനമായ മുൾപ്പടർപ്പ് എത്ര കത്തിയിട്ടും വെണ്ണീറാകാത്തതുപോലെ, മിസ്രയീം എന്ന ഇരുമ്പുചൂളയിൽ കത്തിക്കൊണ്ടിരിക്കുന്ന യിസ്രായേൽമക്കൾ വെന്തുപോകയില്ല എന്നും അവരെ രക്ഷിക്കുമെന്നും കാണിക്കാനായി യഹോവ കത്തുന്ന മുൾപ്പടർപ്പിൽ മോശെക്ക് പ്രത്യക്ഷനായി. ഈസബേലിന്റെ കൊലവിളിയിൽ ഭയന്നുപോയ ഏലിയാവിനെ ധൈര്യപ്പെടുത്താനായി, കൊടുങ്കാറ്റും ഭൂകമ്പവും തീയും കാണിച്ചശേഷം അതിന്റെ നടുവിൽ മൃദുവായി സംസാരിച്ച ദൈവത്തെയാണ് നാം കാണുന്നത്. ശിഷ്യന്മാരെ ഉലച്ചുകളയുന്ന പ്രശ്നങ്ങളാകുന്ന തിരമാലകളെ ചവിട്ടിയൊതുക്കാൻ താൻ മതിയായവൻ എന്നു കാണിച്ചുകൊണ്ട് തിരമാലകളുടെ മീതെ നടന്നുവന്ന കർത്താവിനെ നാം കാണുന്നു.

അങ്ങനെ ഓരോരുത്തർക്കും അവർ കടന്നുപോകുന്ന പ്രശ്നങ്ങൾക്ക് അനുസൃതമായ നിലയിൽ കർത്താവ് പ്രത്യക്ഷപ്പെടുന്നു, അഥവാ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. പെർഗ്ഗമൊസിലെ സഭയ്ക്ക് ഇരുവായ്ത്തലവാൾ ഉള്ളവൻ എന്ന് പരിചയപ്പെടുത്തിയതുപോലെ നമ്മുടെ പ്രാദേശികസഭയ്ക്ക് ഏതു വിധത്തിലായിരിക്കും കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത്? നാം ഉൾപ്പെട്ടുനിൽക്കുന്ന പ്രാദേശികസഭയിലെ പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നു ചിന്തിക്കുക. ആ പ്രശ്നങ്ങൾക്കനുസരിച്ച് കർത്താവ് വെളിപ്പെട്ടാൽ എങ്ങനെയിരിക്കും എന്നു ചിന്തിക്കുക.

*നീ എവിടെ പാർക്കുന്നു എന്നും അത് സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു. നീ എന്റെ നാമം മുറുകെപ്പിടിച്ചിരിക്കുന്നു. നിങ്ങളുടെ ഇടയിൽ സാത്താൻ പാർക്കുന്നേടത്തുതന്നെ എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തുപോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല (2:13)*

പെർഗ്ഗമൊസ്സഭയുടെ നല്ല വശങ്ങൾ കർത്താവ് ആദ്യം പറയുന്നു. കുറ്റം മാത്രം കാണുന്നവനല്ല നമ്മുടെ കർത്താവ്. ചിലർ കുറ്റം മാത്രം കാണുന്നവരുണ്ട്. നല്ലത് കണ്ടാൽ മിണ്ടാതിരിക്കുകയും കുറ്റം കണ്ടാൽ മാത്രം വായ് തുറക്കുകയും ചെയ്യുന്നവരുണ്ട്. കർത്താവ് കുറ്റവും നന്മയും കാണുന്നു. ആദ്യം അവരിൽ കണ്ട നല്ല കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു.

**സാത്താന്റെ സിംഹാസനം ഉള്ളേടം**

സാത്താന്റെ സിംഹാസനം ഉള്ളിടത്ത് ഉണ്ടായ സഭ: ഭൂമി മൊത്തം സാത്താന്റെ വകയാണ് (ലൂക്കൊസ് 4:5,6). അതിൽത്തന്നെ തന്റെ സിംഹാസനം ഉള്ള സ്ഥലം എന്നു പറയുമ്പോൾ, പിശാചിന്റെ ശ്രദ്ധയും മേൽനോട്ടവും അത്യധികം പതിഞ്ഞിരിക്കുന്ന സ്ഥലം എന്നു മനസ്സിലാക്കാം. അവിടെയാണ് സഭയുണ്ടായിരിക്കുന്നത്! അവിടെ സുവിശേഷം എത്തിച്ചവരെ നാം ഓർക്കണം. അവർ അതിനു കൊടുക്കേണ്ടിവന്ന വിലയെക്കുറിച്ചും നാം ഓർക്കണം. അവർ എന്തുമാത്രം സഹിക്കേണ്ടി വന്നിരിക്കും!

സാത്താന്റെ സിംഹാസനം ഉള്ളിടത്ത് പാർക്കുന്ന സഭ: കർത്താവിന്റെ ധീരരായ ചില പടയാളികൾ സുവിശേഷവുമായി അവിടെ ചെന്നു, അവിടെ സഭയുണ്ടായി. ആ സഭ അവിടെ നിലനിന്നു. അവിടെയുള്ള വിശ്വാസികളെക്കുറിച്ചോർക്കൂ. അവർ എന്തു മാത്രം സഹിച്ചിരിക്കും! ഇപ്പോൾ എന്തു മാത്രം സഹിക്കുന്നുണ്ടായിരിക്കും? മറ്റുള്ളവരുടെ അപ്രീതി ഒഴിവാക്കാനായി ദൈവസഭയെ കൈവിട്ടുകളയുന്നവർ ഇതിനെക്കുറിച്ച് ചിന്തിക്കട്ടെ.

തീയിൽ മുളച്ച സഭയാണത്. സാത്താന്റെ സിംഹാസനം ഉള്ള സ്ഥലമാണ് എന്നു കരുതി സുവിശേഷകന്മാരോ വിശ്വാസികളോ മാറിനിന്നില്ല. കൊല്ലപ്പെടുമെന്ന സാഹചര്യത്തിലും ദൈവത്തിലാശ്രയിച്ച് നിലനിൽക്കാൻ അവർ തയ്യാറായിരുന്നു.

കർത്താവിന്റെ നാമം മുറുകെ പിടിച്ച സഭ: എങ്ങനെ ആ സഭയ്ക്ക് അവിടെ നിലനിൽക്കാൻ സാധിച്ചു എന്നതിന്റെ കാരണമാണ് കർത്താവ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. അവർ കർത്താവിന്റെ നാമത്തെ മുറുകെപ്പിടിച്ചു. അവരെല്ലാം പുതിയ വിശ്വാസികളാണ്. വിശ്വാസത്തിൽ വന്നിട്ട് കുറെ കാലമായിട്ടുള്ളവർ പോലും പ്രശ്നങ്ങളുണ്ടാകുമ്പോൾ പിന്മാറിപ്പോകുന്ന കാഴ്ചകൾക്ക് ക്ഷാമമില്ലാത്ത ക്രിസ്തീയലോകത്തിൽ, പെർഗ്ഗൊമൊസിലെ സഭാവിശ്വാസികൾ കാണിച്ചത് ഉത്തമമായ മാതൃകയാണ്. അവർ പ്രദർശിപ്പിച്ച ധൈര്യം ശ്ലാഘനീയമാണ്. സാത്താന്റെ നാമത്തെ പരിപൂർണ്ണമായി തള്ളിക്കളഞ്ഞ്, കർത്താവിന്റെ നാമത്തെ മുറുകെപ്പിടിച്ചുകൊണ്ട് തങ്ങളുടെ ക്രിസ്തീയജീവിതം പൂർത്തിയാക്കാൻ ശ്രമിച്ച ധീരപടയാളികൾ! അതാണ് പെർഗ്ഗമൊസിലെ സഭ!

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (12)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ,*
*എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..*
എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി.
ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 18. കോളേജുകളിലെ ക്ലാസ്സുകൾ

സുവിശേഷപ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ പല ജീവിതാനുഭവങ്ങളും ഞാൻ വായനക്കാരുമായി പങ്കിട്ടുവല്ലോ. വായിക്കുന്നവർക്ക് സുവിശേഷം അറിയിക്കുന്നതിന്റെ പ്രയോജനം മനസ്സിലാക്കാനും സുവിശേഷം അറിയിക്കുന്നതിനുള്ള പ്രചോദനം ലഭിക്കാനും അതുപകരിക്കും. അതോടൊപ്പം ദൈവം നടത്തിയ വഴികളെക്കുറിച്ചും ഞാൻ എഴുതി. ദൈവത്തിന്റെ കരുതലിനെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ടിയാണ് അതെല്ലാം വായനക്കാരുമായി പങ്കുവച്ചത്.

1986 മുതൽ നാലുകൊല്ലത്തോളം തൃശ്ശൂരിലെ പല കോളേജുകളിൽ ദൈവവചനവുമായി കടന്നുചെല്ലാനിടയായി. E U എന്ന സംഘടനയാണ് എന്നെ അതിന് നിയോഗിച്ചത്. നെല്ലിക്കുന്നുള്ള ഷാജു എന്ന സഹോദരനാണ് എന്നെ അതിനായി വിളിച്ചത്. അദ്ദേഹം അന്ന് കോളേജിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. സെന്റ്. തോമസ് കോളേജ്, സെന്റ്. അലോഷ്യസ് കോളേജ്, ഗവൺമെന്റ് എഞ്ചനീയറിംഗ് കോളേജ്, സെന്റ്.മേരീസ് കോളേജ് കേരളവർമ്മ കോളേജ് എന്നീ കലാലയങ്ങളിലാണ് എനിക്ക് പോകാൻ അവസരം കിട്ടിയത്.

### സെന്റ്. അലോഷ്യസ് കോളേജ്, തൃശ്ശൂർ

സെന്റ്. അലോഷ്യസ് കോളേജിൽ മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ചാണ് ഞാൻ കുട്ടികളോട് സംസാരിച്ചത്. അവർ ഡിഗ്രിക്ക് പഠിക്കുന്ന കുട്ടികളാണ്. കോളജ്ഗ്രൗണ്ടിനോട് ചേർന്നുള്ള പടിക്കെട്ടുണ്ട്. ഞാൻ ആ പടിക്കെട്ടിന്റെ താഴെ നിൽക്കും. കുട്ടികൾ പടികളിന്മേൽ ഇരിക്കും. മനുഷ്യൻ കുരങ്ങിൽനിന്നാണോ ഉണ്ടായത് എന്നറിയാനുള്ള ആകാംക്ഷയാണ് കുട്ടികൾക്കുള്ളത്. ബൈബിൾ അതിനെക്കുറിച്ച് എന്തുപറയുന്നു എന്നവർ ചോദിച്ചു. ഉല്പത്തി

പ്പുസ്തകത്തിൽ നിന്ന് ഞാൻ അക്കാര്യം അവരോട് വിശദീകരിച്ചു. അവർ ജിജ്ഞാസയോടെ കേട്ടുകൊണ്ടിരുന്നു.

അക്കാലത്ത് കമ്പ്യൂട്ടർ അത്ര പ്രചാരത്തിലായിട്ടില്ല. ഏറ്റവും മുകളിലെ പടിയിൽനിന്നുകൊണ്ട് ഒരു പെൺകുട്ടി ഇപ്രകാരം ചോദിച്ചു: "സാർ, കമ്പ്യൂട്ടറിനെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു?" ഞാൻ എട്ടാം സങ്കീർത്തനം മൂന്നു മുതൽ അഞ്ചുവരെയുള്ള വാക്യങ്ങൾ വായിച്ചുകേൾപ്പിച്ചു. "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ..." ഞാൻ അവരോട് പറഞ്ഞു: "ഈ കാണുന്ന പ്രപഞ്ചവും അതിലുള്ള സകലവും ദൈവത്തിന്റെ വിരലുകളുടെ പണിയാണ്. ഈ നക്ഷത്രങ്ങളെയും മറ്റും നിയന്ത്രിച്ചു നിർത്തുന്നത് ദൈവത്തിന്റെ വിരലുകളാണ്. കമ്പ്യൂട്ടറും വിരലുകൾ കൊണ്ടാണല്ലോ നിയന്ത്രിക്കുന്നത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവം സകല അറിവും ജ്ഞാനവും നൽകി. വിരലുകൾ ഉപയോഗിച്ചുള്ള നിയന്ത്രണത്തെക്കുറിച്ച് ദൈവമാണ് നമുക്ക് ആദ്യം കാണിച്ചുതന്നത്. വിരലുകൾ ഉപയോഗിച്ച് സകലത്തെയും ദൈവം നിയന്ത്രിക്കുന്നതായി ബൈബിളിൽ രേഖപ്പെടുത്തിയതിന്റെ അനന്തരഫലമാണ് കമ്പ്യൂട്ടർ." ആ പെൺകുട്ടി എതിർത്തൊന്നും പറഞ്ഞില്ല.

കുറച്ച് ബൈബിളുകൾ അന്ന് അവിടെ വിതരണം ചെയ്തു. ഇന്നത്തെപ്പോലെ അത്രയും മത്സരികൾ അക്കാലത്ത് കോളേജുകളിൽ ഇല്ലായിരുന്നു. നാല് വർഷത്തോളം ആ ക്ലാസ്സ് തുടർന്നു. ചില യുവാക്കൾ വേർപെട്ട് വന്നു. അവിടെ ഒരു അച്ചനുണ്ടായിരുന്നു. ഫാദർ ജോസഫ്. അദ്ദേഹം ഇതിന് അനുകൂലവാദിയായിരുന്നു. അദ്ദേഹം അനുവദിച്ചതുകൊണ്ടാണ് അവിടെ നമുക്ക് ഇത്രയ്ക്കും സ്വാതന്ത്ര്യം ലഭിച്ചത്. അദ്ദേഹത്തെ ഞാൻ നന്ദിയോടെ ഓർക്കാറുണ്ട്.

**ഗവൺമെന്റ് എഞ്ചനീയറിംഗ് കോളേജ്, തൃശ്ശൂർ**

മനുഷ്യൻ, പാപം, വീഴ്ച, വീണ്ടെടുപ്പ്, ക്രിസ്തുവിലെ അനുസരണം എന്നിങ്ങനെയുള്ള പാഠങ്ങൾ ഗവൺമെന്റ് എഞ്ചനീയറിംഗ് കോളേജിൽ നാളുകളായി പഠിപ്പിച്ചു. E Uവിന്റെ സഹോദരന്മാരും ഒപ്പമുണ്ടാകും. ശിഷ്യത്വം സംബന്ധിച്ച പാഠങ്ങൾ ആ കുട്ടികൾക്ക് പ്രയോജനം ചെയ്തു. ഗവൺമെന്റ് എഞ്ചനീയറിംഗ് കോളേജിലെ ചില കുട്ടികൾ അതിനെത്തുടർന്ന് കിഴക്കേക്കോട്ട ബ്രദറൺസഭാഹാളിൽ ആരാധനയ്ക്ക് വരാൻ തുടങ്ങി. ബിജു, ശെൽവൻ എന്നിവരെല്ലാമായിരുന്നു അത്. പിന്നീട് അതിലൊരാളെ പുന്നൂരിൽ ഒരു കല്യാണത്തിന് ഞാൻ കണ്ടപ്പോൾ എഞ്ചനീയറിംഗ് കഴിഞ്ഞ് അദ്ദേഹം സുവിശേഷവേലയ്ക്ക് വേർതിരിഞ്ഞതായി അറിയാൻ കഴിഞ്ഞു.

### സെന്റ്. തോമസ് കോളേജ്, തൃശ്ശൂർ

സെന്റ്.തോമസ് കോളേജിന്റെ കുട്ടികൾ താമസിക്കുന്ന സ്ഥലത്ത് ക്ലാസ്സുകൾ എടുത്തുകൊണ്ടിരിക്കുമ്പോൾ അവിടത്തെ ഒരു അദ്ധ്യാപകൻ പുറത്ത് നിന്ന് കേൾക്കുന്നുണ്ടായിരുന്നു. അന്ന് ഞാൻ ഉല്പത്തിപ്പുസ്തകം പത്താം അദ്ധ്യായത്തിൽനിന്ന് ലോകചരിത്രത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. വംശങ്ങളെക്കുറിച്ചും ജാതികളെക്കുറിച്ചും ഞാൻ അന്ന് പഠിപ്പിച്ചു. ശേം, ഹാം, യാഫെത്ത് എന്നിവരുടെ സന്തതിപരമ്പരകൾ എവിടെയൊക്കെ താമസിക്കുന്നു എന്നും പ്രത്യേകിച്ച് മെസപ്പൊട്ടേമിയ മുതലായ സ്ഥലങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞപ്പോൾ, പുറമെനിന്നിരുന്ന സാറ് അകത്തേക്ക് വന്ന് "എവിടെയാ പഠിപ്പിക്കുന്നെ?" എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: "സാർ ഞാനൊരു സുവിശേഷപ്രവർത്തകനാണ്. ബൈബിളിൽ ചരിത്രമുണ്ട്. ഞാൻ പറഞ്ഞ ചരിത്രം ബൈബിളിൽ നോക്കിയാണ് ഞാൻ പറഞ്ഞത്." "ബൈബിൾ എനിക്ക് കിട്ടുമോ?" എന്ന് അദ്ദേഹം ചോദിച്ചു. ശിവദാസമേനോൻ എന്നായിരുന്നു ആ സാറിന്റെ പേര്. അദ്ദേഹത്തിന് ഒരു ബൈബിൾ ഞങ്ങൾ വാങ്ങിച്ചുകൊടുത്തു.

### കേരളവർമ്മ കോളേജ്, തൃശ്ശൂർ

കേരളവർമ്മകോളേജിൽ അല്പമല്ലാത്ത പ്രയാസങ്ങൾ നേരിടുകയുണ്ടായി. സൃഷ്ടിവാദവും പരിണാമവാദവും എന്ന വിഷയം സംബന്ധിച്ച് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ചില സീനിയർ വിദ്യാർത്ഥികൾ വന്ന് ഞങ്ങളെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. ഞാൻ അവരോട് പറഞ്ഞു: "നിങ്ങൾ ശാന്തമായി, ന്യായമായ ചോദ്യങ്ങൾ ചോദിച്ചാൽ അതിന് മറുപടി തരാൻ ഞങ്ങൾ തയ്യാറാണ്." അവർ ചില ചോദ്യങ്ങൾ ചോദിച്ചു. ചരിത്രം ഉദ്ധരിച്ച് വ്യക്തമായ മറുപടി ഞാൻ നൽകി. ചരിത്രത്തിൽ അത്ര പിടിപാടില്ലാത്ത അവർ ക്ഷുഭിതരായി. അല്പം ഉന്തും തള്ളും എല്ലാം ഉണ്ടായി. "ചരിത്രമറിയുന്ന സാറിനെ കൂട്ടിക്കൊണ്ട് ഞങ്ങൾ വരും. നിങ്ങൾ അപ്പോൾ സംസാരിക്കണം" എന്നൊക്കെ പറഞ്ഞ് അവർ പോയി. ക്ലാസ്സ് തുടരാൻ അവർ അനുവദിച്ചില്ല. ചരിത്രമറിയുന്ന അദ്ധ്യാപകനെ കൂട്ടി വന്നതുമില്ല. എങ്കിലും വ്യക്തിപരമായി പലരോടും സംസാരിക്കാൻ അവസരം ലഭിച്ചു. ഞാൻ പോയ കോളേജുകളിൽ കേരളവർമ്മ കോളേജിൽ മാത്രമായിരുന്നു ഇത്തരം അനുഭവമുണ്ടായത്.

### സെന്റ്. മേരീസ് കോളേജ്, തൃശ്ശൂർ

സഹോദരിമാരുടെ കൂടെയാണ് അവിടെ പോയിട്ടുള്ളത്. ചില സഹോദരിമാർ ഒരുക്കിയ ഗ്രൂപ്പിലാണ് ഞാൻ ക്ലാസ്സുകൾ എടുത്തത്. ദൈവകൃപയിൽ ആശ്രയിച്ചപ്പോൾ ദൈവം എന്നെ എടുത്ത് ഉപയോഗിക്കുകയായിരുന്നു.

**രണ്ടാംക്ലാസ്സുകാരൻ കോളേജിൽ!**

ഞാനൊരു വിദ്യാവിഹീനനാണ്. എങ്കിലും ദൈവവചനത്തിൽനിന്ന് ലഭിച്ച പ്രാപ്തി എനിക്ക് ഉപയോഗിക്കാൻ കഴിഞ്ഞു. തർക്കങ്ങളും വാദങ്ങളുമൊക്കെ ഉണ്ടാകാറുണ്ട്. ദൈവകൃപയാൽ അതിനെല്ലാം ന്യായവാദം പറയാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ചില കുട്ടികൾ കർത്താവിനെ കണ്ടെത്താനും ഇടയായിട്ടുണ്ട്. പഠിക്കാനല്ല, ദൈവവചനം പറയാൻ മാത്രമാണ് ഞാൻ കോളേജിൽ പോയത്. രണ്ടാംക്ലാസ്സു മാത്രം വിദ്യാഭ്യാസമുള്ള എനിക്ക് അങ്ങനെ കോളേജിൽ പോകാനും ദൈവവചനത്തിൽനിന്ന് ക്ലാസ്സുകൾ എടുക്കാനും ദൈവം അവസരം തന്നു. ആ നാളുകൾ ഞാൻ ഒരിക്കലും മറക്കുകയില്ല. എന്റെ പരിമിതികളിലല്ല, ദൈവത്തിന്റെ അമിതകൃപയിൽ ആശ്രയിച്ചപ്പോൾ എനിക്ക് അതെല്ലാം ചെയ്യുവാനിടയായി.

ചില സാറുമാരോടും നിരീശ്വരവാദികളോടുമെല്ലാം സുവിശേഷം അറിയിക്കാൻ എനിക്കിടയായി. ദൈവവചനത്തിന്റെ മഹത്വം വളരെ വലിയതാണ് എന്ന് അന്നെനിക്ക് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും സാധിച്ചു.

**തയ്യൽസ്കൂളിലെ ക്ലാസ്സുകൾ**

വടക്കുഞ്ചേരിയിലെ ഒരു തയ്യൽസ്കൂളിൽ പന്ത്രണ്ട് വർഷത്തോളം എല്ലാ വെള്ളിയാഴ്ചകളിലും ഞാൻ ബൈബിൾക്ലാസ്സുകൾ എടുത്തു. അതിൽ പത്ത് വർഷം നെല്ലിക്കുന്നുള്ള സാറാമ്മടീച്ചർ എന്നോടുകൂടെ ഉണ്ടായിരുന്നു. നൂറിലധികം പെൺകുട്ടികൾ ഉള്ള സ്ഥാപനത്തിൽ ദൈവവചനം പറയുവാൻ അങ്ങനെ എനിക്കിടയായി. പലരും കർത്താവിനെ അറിഞ്ഞിട്ടുണ്ട്. എന്നാൽ പെൺകുട്ടികൾ മാത്രമുള്ള ആ സ്ഥലത്ത് അവരെവച്ച് സഭാരൂപീകരണം പ്രായോഗികമല്ല. അവരിൽ പലരും പല സ്ഥലങ്ങളിൽ വിശ്വാസികളായി കഴിയുന്നുണ്ട്. ചിലപ്പോഴൊക്കെ അവരെ പലയിടങ്ങളിൽ വച്ച് കാണാറുണ്ട്. പ്രതിഫലവുമായി കർത്താവ് വരുമ്പോൾ അവരെയെല്ലാം അവിടെ കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ദൈവകൃപ എന്നു പറയുന്നത് മറ്റെന്തിനേക്കാളും വലുതാണ്. ദൈവകൃപയിൽ നാം ആശ്രയിക്കുമ്പോൾ മറ്റു തടസ്സങ്ങളൊന്നും നമ്മുടെ മുമ്പിലുണ്ടാവില്ല. എന്റെ ജീവിതത്തിൽ ഞാൻ മനസ്സിലാക്കിയ കാര്യമാണ്. സുവിശേഷം അറിയിക്കാൻ ദൈവാത്മാവ് നമ്മെ നിയോഗിച്ചാൽ ഏത് സ്ഥലത്ത് ചെന്നും സുവിശേഷം പറയാൻ സാധിക്കും. അക്കാര്യത്തിൽ ജീവിതാനുഭവമുള്ള ഒരു അനുഭവസ്ഥൻ എന്ന നിലയിലാണ് ഞാൻ ഇക്കാര്യങ്ങൾ പങ്കുവച്ചത്. കർത്താവിനെക്കുറിച്ച് യാതൊരു മടിയും കൂടാതെ തുറന്നുപറയാൻ എനിക്ക് കഴിയുന്നു. വാക്കുകളെല്ലാം ദൈവമാണ് തരുന്നത്. കാലം തീർന്നുപോയിട്ടില്ല. ഇക്കാലത്തും യൗവനക്കാരോട് നാം ഇടപെടണം. **(തുടരും)**

# യോനാ
## (പുസ്തകപഠനം)

10

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:5**

**കപ്പൽക്കാർ ഭയപ്പെട്ട് ഓരോരുത്തൻ താന്താന്റെ ദേവനോട് നില വിളിച്ചു. കപ്പലിന് ഭാരം കുറയ്ക്കേണ്ടതിന് അവർ അതിലെ ചരക്ക് സമു ദ്രത്തിൽ എറിഞ്ഞുകളഞ്ഞു. യോനായോ കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങി കിടന്ന് നല്ലവണ്ണം ഉറങ്ങുകയായിരുന്നു.**

**1. കപ്പൽക്കാർ ഭയപ്പെട്ട് നിലവിളിച്ചു**

ഭയം ഉണ്ടാകുന്നതുവരെ പലരും ദൈവത്തെ ഓർക്കില്ല. സന്തോ ഷവും സമാധാനവും ഉള്ളപ്പോൾ ദൈവത്തെക്കുറിച്ച് ചിന്തയില്ലാതെ ജീവി ക്കുന്നവരാണ് പലരും.

ദൈവവുമായുള്ള ബന്ധം അറ്റുപോകാതെ നാം നോക്കേണ്ടതാണ്. ദൈവവുമായുള്ള ആശയവിനിമയം സദാസമയവും നമുക്കുണ്ടാകണം. ജോലിത്തിരക്കിനിടയിൽ ഈ ബന്ധം മുറിഞ്ഞുപോകാൻ സാധ്യതയുണ്ട്. അതില്ലാതിരിക്കാൻ മനപൂർവ്വം നാം ശ്രദ്ധിക്കണം. ഇത് ചെയ്യാൻ എന്നെ സഹായിക്കണേ എന്നും ഇത് ചെയ്യാൻ കഴിഞ്ഞതിന് സ്തോത്രം എന്നൊക്കെ പറഞ്ഞുകൊണ്ട് ദൈവവുമായുള്ള ബന്ധം നിലനിർത്താൻ നാം ആവോളം പരിശ്രമിക്കണം. ഭയം തട്ടുമ്പോൾ മാത്രമല്ല ദൈവത്തെ ഓർക്കേണ്ടത്.

ദൈവത്തെ ഓർക്കുന്ന ഒരു സാഹചര്യം നമ്മിൽ ഉണ്ടാകാനായി നമ്മെ പേടിപ്പെടുത്തേണ്ട 'ഗതികേട്' ദൈവത്തിനുണ്ടാകരുത്. നമ്മെ ഭയപ്പെടു ത്താൻ ഒട്ടും താത്പര്യമില്ലാത്തവനാണ് ദൈവം. "ഭയപ്പെടരുത്" എന്ന് അനേകം തവണ അരുളിച്ചെയ്തിട്ടുള്ളവനാണ് അവിടുന്ന്. ചിലർ ഇത് 'അക്ഷരംപ്രതി' ജീവിതത്തിൽ പ്രായോഗികമാക്കിയപ്പോൾ, ദൈവത്തെ ഭയ പ്പെടരുത് എന്നായി. ബാക്കി എല്ലാറ്റിനെയും അവർക്ക് ഭയമാണ്. ബന്ധു ക്കളെ ഭയം, സമൂഹത്തെ ഭയം, കൂട്ടുകാരെ ഭയം... ദൈവത്തെ മാത്രം ഭയ മില്ല! ദൈവത്തെയല്ലാതെ മറ്റൊന്നിനെയും ഭയപ്പെടരുത് എന്നാണ് ദൈവം ഉദ്ദേശിച്ചത് എന്ന് തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല.

## 2. ഓരോരുത്തൻ താന്താന്റെ ദേവനോട് നിലവിളിച്ചു

കപ്പലിൽനിന്ന് നിലവിളി ഉയരുന്നു. ഓരോരുത്തരും അവരവരുടെ ദേവന്മാരുടെ പേരുകൾ വിളിച്ചാണ് നിലവിളിക്കുന്നത്. ചിലർ അർത്തെമിസ്ദേവിയെ, ചിലർ ദാഗോൻദേവനെ, ബാൽദേവനെ, രേഫാൻദേവനെ... അവരെ രക്ഷിക്കാൻ എല്ലാ ദേവന്മാരും കൂടി ഇറങ്ങിവരുമെന്ന് അവർ പ്രതീക്ഷിച്ചു കാണും. ഏത് ദേവൻ വന്നാലും അവർക്കു വിരോധമില്ല. രക്ഷപ്പെട്ടാൽ മതി.

പൊതുവായ പ്രശ്നങ്ങളാണ് അവർക്കുണ്ടായിരുന്നത്. അതായത് എല്ലാവരുടെയും പ്രശ്നങ്ങൾ വ്യത്യസ്തമല്ലായിരുന്നുവെന്നർത്ഥം. പെരുങ്കാറ്റ്, കോൾ, കപ്പൽ... പക്ഷേ നിലവിളിക്ക് പൊതുസ്വഭാവമില്ലായിരുന്നു. ഒരേ പ്രശ്നത്തിന് അവർ നിലവിളിച്ചത് വ്യത്യസ്തരായ ദേവന്മാരോടാണ്. ഇക്കാര്യത്തിൽ ദൈവമക്കളുടെ പ്രത്യേകത എടുത്തുപറയേണ്ടതാണ്. അവർ പലരോട് നിലവിളിക്കാറില്ല, പലരോട് പ്രാർത്ഥിക്കാറില്ല. അവരുടെ വായിൽ ഒരേയൊരു നാമമേയുള്ളൂ.

ഓരോരുത്തൻ താന്താന്റെ ദേവനോട് (his god) ആണ് നിലവിളിച്ചത്. ഒരു പ്രതിസന്ധിയിൽ അവർ സഹായത്തിനായി വിളിക്കുന്നത് ഇല്ലാത്ത ദേവന്മാരോടാണ് എന്ന കാര്യം എത്ര സങ്കടകരമാണ്. അവർ സഹായത്തിനായി വിളിച്ച ഒരു ദേവനും അവരുടെ സഹായത്തിന് വരാൻ പോകുന്നില്ല. കാരണം അങ്ങനെയുള്ള ദേവന്മാരൊന്നും ഒരിടത്തുമില്ല. എല്ലാം മനുഷ്യന്റെ സാങ്കല്പികസൃഷ്ടികൾ മാത്രം.

ഇന്നത്തെ ചിലയാളുകൾ കപ്പലിൽ ഉണ്ടായിരുന്നവരേക്കാൾ മോശമായ നിലയിലാണ് പെരുമാറുന്നത്. കപ്പലിലുള്ളവരിൽ ഒരുത്തന്റെ വായിൽ ഒരു ദേവന്റെ പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് ഒരുവൻ തന്നെ പലരോട് നിലവിളിക്കുന്നു! മരിയഭക്തി കൊണ്ടുനടക്കുന്നവരുടെ കാര്യം തന്നെ നോക്കിയാൽ, മാതാവ് തന്നെ പല വിധം! ഫാത്തിമാ മാതാവ്, വേളാങ്കണ്ണി മാതാവ്, ലൂർദ്ദ് മാതാവ്, കൊരട്ടിമുത്തി, നിത്യസഹായ മാതാവ്... പുണ്യാളന്മാരുടെ നീണ്ട നിര... പല പുണ്യാളന്മാരും സ്പെഷലിസ്റ്റുകളാണ്. പണത്തിന്റെ കാര്യമാണെങ്കിൽ അന്നാ പുണ്യാളത്തി, കാണാതെ പോയ സാധനങ്ങൾ കിട്ടുന്നതിന് അന്തോണീസ് പുണ്യാളൻ, കന്യകകളുടെ കാവൽക്കാരൻ യൗസേപ്പ് പിതാവ്, പകർച്ചവ്യാധിയാണെങ്കിൽ സെബാസ്ത്യോനോസ് പുണ്യാളൻ....

ലാസർപുണ്യാളന്റെ കാര്യം കൂടി എഴുതാതെ വയ്യ. കശാപ്പുകാരുടെയും കുഴിവെട്ടുകാരുടെയും ഭിക്ഷക്കാരുടെയും കുഷ്ഠരോഗികളുടെയും മധ്യസ്ഥനാണ് ലാസർ പുണ്യാളൻ! നമ്മുടെ മാർത്തയുടെയും മറിയയു

ടെയും ബ്രദറായ ലാസറിനെ എത്രമാത്രം കോമാളിയാക്കിയെന്നു നോക്കൂ. ലാസർ നിദ്രകൊള്ളുന്നത് നന്നായി. അല്ലെങ്കിൽ വല്ല ചൂരലുമെടുത്ത് വന്ന് തന്റെ 'ഭക്തന്മാരുടെ' നടുംപുറത്ത് കൊടുത്തേനേ.

ഹിന്ദുക്കളും ഇതരമതസ്ഥരുമെല്ലാം ഏതെങ്കിലും ഒരാളോട് പ്രാർത്ഥിക്കുന്നത് വിരളമാണ്. ഒന്നിലധികം പേരോട് പ്രാർത്ഥിച്ചാലേ ഇവർക്കൊക്കെ തൃപ്തിയുള്ളൂ. ദൈവമക്കളുടെ മഹത്വം തിരിച്ചറിയുക. നമുക്ക് വിളിച്ചപേക്ഷിക്കാൻ ഒരു നാമം മാത്രം. കർത്താവിനെ നമുക്ക് വിശ്വാസമുണ്ട്. അതുകൊണ്ട് വേറെ ആരെയും വിളിക്കുവാൻ ആവശ്യമില്ല. വിളിച്ചപേക്ഷിക്കുന്നവനെ വിശ്വാസമില്ലാത്തവരാണ് പലരോടും പ്രാർത്ഥിക്കുന്നത്. ഏതായാലും, കപ്പലിൽനിന്ന് ആദ്യം ഉയർന്നത് പല ദേവന്മാരുടെ പേരുകളാണെങ്കിലും, പിന്നീട് അതേ കപ്പലിൽനിന്നുയർന്നത് ഒറ്റപ്പേരു മാത്രമേയുള്ളൂ (1:16). അവരെല്ലാവരും യഹോവയോട് പ്രാർത്ഥിച്ചു.

"അപ്പോൾ അവർ യഹോവയെ അത്യന്തം ഭയപ്പെട്ട് യഹോവയ്ക്ക് യാഗം കഴിച്ചു നേർച്ചകളും നേർന്നു" (1:16). വൈകിയാണെങ്കിലും ആ കപ്പലിൽ വന്ന മാറ്റം എത്ര മനോഹരമാണ്! പല ദേവന്മാരെ വിളിച്ചപേക്ഷിക്കുന്നവരെല്ലാം യഥാർത്ഥ ദൈവത്തിന്റെ പേരിൽ യാഗം അർപ്പിക്കുന്നു! അവർ ഇത്ര നേരം വിളിച്ചപേക്ഷിച്ച ദേവന്മാരൊന്നും അവരുടെ സഹായത്തിനെത്തിയില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞു. കപ്പലിൽ വന്ന ഈ മാറ്റം, അഥവാ കപ്പലിൽ ഉള്ളവരിൽ വന്ന ഈ മാറ്റം നമ്മിൽ വരുവാനിടയായി. നാം ദൈവജനമായിത്തീർന്നു.

ഞാൻ 1987 വരെ പലരോട് പ്രാർത്ഥിക്കുന്നവനായിരുന്നു. മാതാവ്, സെബാസ്ത്യേനോസ് പുണ്യാളൻ, കാവൽമാലാഖ എന്നിങ്ങനെ പലരോടും. ഞാൻ എന്ന കപ്പലിൽനിന്ന് ഉയർന്നത് പലരുടെ പേരുകളിലുള്ള പ്രാർത്ഥന! പക്ഷേ 1987 മുതൽ ഈ കപ്പലിൽനിന്ന് ഒരാളോടുള്ള പ്രാർത്ഥന മാത്രമേ ഉയരുന്നുള്ളൂ. ദൈവത്തിനു സ്തോത്രം!

**(തുടരും)**


**വിവാഹാലോചനകൾ ക്ഷണിക്കുന്നു**

വിശ്വസിച്ച് സ്നാനപ്പെട്ട യുവതിക്ക് വിവാഹാലോചനകൾ ക്ഷണിക്കുന്നു. (ആഭരണം ധരിക്കുന്നു. പെന്തെക്കോസ്ത് അല്ല)

**Contact: 9544 557 557**

| | |
|---|---|
| Age | : 24 (20-03-2001) |
| Height | : 5 feet 7 inches |
| Weight | : 61 kg |
| Qualification | : MCom |
| Work | : Accountant in a C A firm |
| Place | : Thrissur |

# കൊച്ചുണ്ണിയുടെ ബൈബിൾവായന

**എംവിഎസ്**

28

## ആരോടാണ് പ്രാർത്ഥിക്കുന്നത്?

എല്ലാ ദിവസവും കൃത്യമായി ബൈബിൾ വായിക്കുന്ന കൊച്ചുണ്ണി ബ്രദർ അക്കാര്യത്തിൽ ഒരു മാതൃക തന്നെയാണ്. വല്ല 'ഓണത്തിനും സംക്രാന്തിക്കും' ബൈബിൾ വായിക്കുന്നവരെപ്പോലെയല്ല അദ്ദേഹം.

പക്ഷേ ഒരു പ്രശ്നമുണ്ട്. ബൈബിൾ വായിച്ചാൽ പിന്നെ സംശയമായി, വിയോജിപ്പായി, പിണക്കമായി...

"ഇന്നെന്താ കൊച്ചുണ്ണ്യേ നെന്റെ മുഖത്ത് ഒരു പുച്ഛഭാവം?" ചിറിയും കോട്ടി വരുന്ന കൊച്ചുണ്ണിയെ നോക്കി ഇട്ടിയപ്പച്ചൻ ചോദിച്ചു.

"പുച്ഛം തന്നെയാ എനിക്ക് നിങ്ങളോടൊക്കെയുള്ളത്?" കൊച്ചുണ്ണിയുടെ ശബ്ദം പതിവിലുമധികം പരുക്കനായിരിക്കുന്നു.

"കാരണം പറയൂ കൊച്ചുണ്ണ്യേ. ഞാനും മൂപ്പനുമൊക്കെ ഇവിടെ ഉണ്ടല്ലോ. എന്തെങ്കിലും പോംവഴി കാണാം."

"നിങ്ങളുടെ പ്രാർത്ഥനയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. സ്വർഗ്ഗസ്ഥനായ പിതാവേ എന്നു പറഞ്ഞുതുടങ്ങും. എന്നിട്ട് പിന്നെ കർത്താവേ എന്നും യേശുവേ എന്നുമൊക്കെ വിളിക്കുന്നതുകാണാം. വീണ്ടും ദൈവമേ എന്നും പിതാവേ എന്നും വിളിച്ച് പ്രാർത്ഥിക്കുന്നു. അതായത്, സ്വർഗ്ഗസ്ഥനായ പിതാവിനോടും കർത്താവായ യേശുവിനോടും നിങ്ങൾ ഒരേ പ്രാർത്ഥനയിൽ തന്നെ മാറി മാറി പ്രാർത്ഥിക്കുന്നു."

"ശരിയാണല്ലോ മൂപ്പാ, അല്ലേ?" ഇട്ടിയപ്പച്ചൻ മൂപ്പനെ നോക്കി പറഞ്ഞു. മൂപ്പൻ ഒരു ചെറുപുഞ്ചിരി പൊഴിക്കുക മാത്രം ചെയ്തു.

കൊച്ചുണ്ണിബ്രദർ ആവേശത്തോടെ തുടർന്നു: "ഇട്ടിയപ്പച്ചൻ പ്രാർത്ഥിക്കുന്നതെങ്ങനെയെന്ന് ഞാൻ കാണിച്ചുതരാം..."

"സ്വർഗ്ഗീയ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു. അങ്ങ് അങ്ങയുടെ മടിയിലിരുന്ന പുത്രനെ ഞങ്ങൾക്ക്വേണ്ടി യാഗമാക്കിത്തീർത്തതിനായി സ്തോത്രം. കർത്താവേ അങ്ങ് ഞങ്ങൾക്കുവേണ്ടി കാൽവരി ക്രൂശിൽ യാഗമായിത്തീർന്നതിനായി സ്തോത്രം.... എല്ലാം യേശുവിന്റെ നാമത്തിൽ സമർപ്പിക്കുന്നു. സ്വീകരിക്കേണമേ പ്രിയ പിതാവേ..."

"ഇങ്ങനെയല്ലേ ഇട്ടിയപ്പച്ചാ നിങ്ങളൊക്കെ പ്രാർത്ഥിക്കുന്നത്?"

ഇട്ടിയപ്പച്ചൻ തലകുലുക്കി.

"ഇതെന്തു പ്രാർത്ഥനയാണ്? പിതാവിനോടും കർത്താവിനോടും...

മാത്രമല്ല, കർത്താവിനോട് പ്രാർത്ഥിച്ചിട്ട്, ഒടുവിൽ യേശുവിന്റെ നാമത്തിൽ സമർപ്പിക്കുന്നു എന്നു പറയുന്നു. എന്ത് മണ്ടത്തരമാണിതെല്ലാം?"

ഇട്ടിയപ്പച്ചൻ ഉത്തരമില്ലാതെ പകച്ചുനിന്നു. പ്രതീക്ഷയോടെ മൂപ്പനെ നോക്കി. മൂപ്പൻ അപ്പോഴും ചെറുപുഞ്ചിരി പൊഴിച്ചുനിൽക്കുന്നു.

"മൂപ്പാ..." ഇട്ടിയപ്പച്ചൻ വിളിച്ചു. ."..കൊച്ചുണ്ണി പറഞ്ഞതിൽ കാര്യമില്ലേ?"

"കാര്യമുണ്ട്" മൂപ്പനല്ല ഇത് പറഞ്ഞത്, കൊച്ചുണ്ണി തന്നെയാണ്. "ഞാൻ പറഞ്ഞതിൽ കാര്യമുണ്ട്. ഞാൻ ഒരു ബുക്കിൽ വായിച്ചിട്ടുള്ളത് പറയാം. നാം പരിശുദ്ധാത്മാവിലായി, യേശുവിന്റെ നാമത്തിൽ പിതാവിനോട് പ്രാർത്ഥിക്കണം."

"പ്രാർത്ഥിക്കേണ്ടത് പിതാവിനോടാണ്. അത് യേശുവിന്റെ നാമത്തിലാകണമെന്നു മാത്രം. മനസ്സിലായോ ഇട്ടിയപ്പച്ചാ?"

"കൊച്ചുണ്ണിസഹോദരാ..." മൂപ്പൻ വിളിച്ചു.

"ങാ, പറയൂ മൂപ്പാ..." കൊച്ചുണ്ണിക്കും ഇട്ടിയപ്പച്ചനും ആകാംക്ഷ.

"യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവായ യേശുക്രിസ്തു ഇത് സംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്..." ഇങ്ങനെ പറഞ്ഞുകൊണ്ട് മൂപ്പൻ ബൈബിളെടുത്ത് തുറന്നു.

"യോഹന്നാൻ 15:16 ൽ, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും പിതാവ് നിങ്ങൾക്ക് തരും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു."

അപ്പോഴേക്കും ബ്രദർ കൊച്ചുണ്ണി ഇടയ്ക്കു കയറിപ്പറഞ്ഞു: "അതെ, അത് ശരിയാണ്.. അതാണ് ഞാനും പറഞ്ഞത്."

"മുഴുവൻ കേൾക്കൂ..." മൂപ്പൻ പറഞ്ഞു. "യോഹന്നാൻ 14:14 ൽ, നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും എന്നും യേശു പറഞ്ഞിട്ടുണ്ട്."

ഇട്ടിയപ്പച്ചന്റെ മുഖം തെളിഞ്ഞു. കൊച്ചുണ്ണിയുടെ മുഖം വാടി. ഫുട്ബോൾ നല്ല രീതിയിൽ കളിച്ച് എതിർപോസ്റ്റിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്നുള്ള കൗണ്ടർ അറ്റാക്കിൽ സ്വന്തം പോസ്റ്റിൽ ഗോൾ വീണ ടീമിന്റെ ക്യാപ്റ്റനെപ്പോലെ കൊച്ചുണ്ണി നിന്നു.

"നമ്മുടെ പ്രാർത്ഥന സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തുടങ്ങുന്നുവെങ്കിലും അതിനിടയിൽ പിതാവിനോടും കർത്താവിനോടും പ്രാർത്ഥിക്കുന്നതിൽ തെറ്റില്ല. കാരണം അങ്ങനെ ചെയ്തോളാൻ കർത്താവ് പറഞ്ഞുവല്ലോ. എന്നോട് എന്റെ നാമത്തിൽ പ്രാർത്ഥിക്കാം. പിതാവിനോടും എന്റെ നാമത്തിൽ പ്രാർത്ഥിക്കാം. ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു (യോഹന്നാൻ 14:10,11) എന്നു പറഞ്ഞിട്ടാണ് കർത്താവ് ഇതെല്ലാം പറഞ്ഞത്."

ഇട്ടിയപ്പച്ചൻ കൊച്ചുണ്ണിയെ നോക്കി. കൊച്ചുണ്ണി താഴേക്കും.

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

19

## ചുറ്റിക വിദഗ്ദൻ!

തിരുവനന്തപുരം വെഞ്ഞാറമൂട്ടിൽ അഫാൻ എന്ന ഇരുപത്തിമൂന്നുകാരൻ അഞ്ചുപേരെ ചുറ്റികകൊണ്ട് തലയ്ക്കടിച്ചു കൊന്നു. 6 പേരെയാണ് അവൻ ആക്രമിച്ചത്. സ്വന്തം അമ്മ, അനുജൻ, പിതാവിന്റെ സഹോദരൻ, ഭാര്യ, പിതാവിന്റെ അമ്മ, പിന്നെ അയാളുടെ കാമുകിയെയും. ഇക്കൂട്ടത്തിൽ അമ്മ മാത്രം മരിക്കാതെ രക്ഷപ്പെട്ടു. അമ്മ കാൻസർ രോഗിയാണ്. ചികിത്സ നടന്നുകൊണ്ടിരിക്കുന്നു. പോലീസിനോട് ആ അമ്മ പറഞ്ഞത്, കട്ടിലിൽ തലയിടിച്ചു വീണു എന്നാണത്രേ! ക്രിമിനലാണെങ്കിലും മാനസികനിലയിൽ തകരാറുള്ളവനെപ്പോലെ പെരുമാറിയെങ്കിലും ആ ഉമ്മയ്ക്ക് മകൻ എന്നും പ്രിയപ്പെട്ടവൻ തന്നെ!

അഫാൻ എന്ന അറബിവാക്കിന്റെ അർത്ഥം you are welcome, excuse me, sorry എന്നൊക്കെയാണ്. ഇവയെല്ലാം തികച്ചും ഔപചാരികമായി ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ്. മര്യാദയുടെയും ആദരവിന്റെയും സ്നേഹത്തിന്റെയും ഭാഗമായി പറയുന്ന വാക്കുകളാണിവ. തന്റെ പേരിന്റെ അർത്ഥംപോലെത്തന്നെ പെരുമാറിപ്പോന്ന യുവാവായിരുന്നു അഫാൻ. എല്ലാവരോടും ഹൃദ്യമായി ഇടപെടും. എല്ലാവരുടെയും കണ്ണിലുണ്ണി. നാട്ടുകാർക്കെല്ലാം നല്ല അഭിപ്രായം മാത്രം. അതുകൊണ്ട് കൊലപാതകവാർത്ത വിശ്വസിക്കാൻ പലർക്കും കഴിഞ്ഞില്ല.

എന്തിന് ഇവരെയൊക്കെ കൊന്നു? മൂന്നു കാരണങ്ങളാണ് അവൻ പറഞ്ഞത്. പണം ചോദിച്ചിട്ട് അമ്മയും മുത്തശ്ശിയും കൊടുത്തില്ലത്രേ. മുത്തശ്ശിയെ കൊന്നത് പിതൃസഹോദരൻ അറിഞ്ഞുവോ എന്ന സംശയം നിമിത്തം അദ്ദേഹത്തെയും ഭാര്യയെയും കൊന്നു. പിന്നെ സ്വന്തം അനുജനെയും സ്വന്തം കാമുകിയെയും കൊന്നത് അവരോടുള്ള സ്നേഹം നിമിത്തമാണത്രേ. ഞാനില്ലാതെ അവർക്ക് ജീവിക്കാനാകില്ല എന്നായിരുന്നു അവന്റെ മറുപടി. കൊലപാതകങ്ങൾക്കുശേഷം പോലീസ്സ്റ്റേഷനിൽ നേരിട്ട് ചെന്ന് അക്കാര്യം പറഞ്ഞതിനുശേഷം അവൻ എലിവിഷം കഴിച്ചു. പോലീസുകാർ ഉടനെ അവനെ ആശുപത്രിയിലെത്തിച്ചു.

പണത്തോടുള്ള ആർത്തി, അനാവശ്യസംശയം, സ്നേഹക്കൂടുതൽ...അഞ്ചുപേരെ കൊന്നുകളഞ്ഞു. ഓരോരോ ജന്മങ്ങള്...!

# തട്ടും തലോടലും

**-എംവിഎസ്-**

7

**ചില പെന്തെക്കൊസ്തുകാർ കുട്ടികളെക്കൊണ്ട് മുതിർന്നവർക്കുവേണ്ടിയുള്ള മീറ്റിംഗുകളിലും കൺവൻഷനുകളിലും പ്രസംഗിപ്പിക്കുന്നു. ആ കുട്ടികൾ സദസ്സിനെ നീ, നിന്റെ എന്നൊക്കെ വിളിച്ച് അട്ടഹസിച്ചും ആക്രോശിച്ചും പ്രസംഗിക്കുന്നു.**

ബാലൻ രാജാവായിട്ടുള്ള ദേശത്തിന് അയ്യോ കഷ്ടം എന്നാണ് സഭാപ്രസംഗി 10:16 ൽ പറയുന്നത്. ബാലന് നടക്കേണ്ടുന്ന വഴി പറഞ്ഞുകൊടുക്കണമെന്നും ബൈബിൾ നിർദ്ദേശിക്കുന്നു. ഇതിനെയെല്ലാം ലംഘിച്ചുകൊണ്ട്, ബാലന്മാരെക്കൊണ്ട് നടത്തിക്കുന്ന ഈ അഴിഞ്ഞാട്ടത്തിനു പിന്നിൽ ഏതായാലും പരിശുദ്ധാത്മാവല്ല, അശുദ്ധാത്മാവ് തന്നെയാണ്. 'കുട്ടിദൈവദാസന്മാരുടെ' ഇത്തരം പ്രകടനങ്ങളെ ബഹിഷ്കരിക്കാൻ പെന്തെക്കൊസ്തുവിശ്വാസികൾ തയ്യാറാവണം.

**ഡൽഹിതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് മൂന്നാം തവണയും സമ്പൂർണ്ണതോൽവി**

ഒരു സീറ്റിൽ പോലും ജയിച്ചില്ലെന്ന്! കഴിഞ്ഞ മൂന്നു തിരഞ്ഞെടുപ്പുകളിൽ ഒരാൾ പോലും ജയിച്ചില്ലെന്ന്! 1998 മുതൽ 2013 വരെ തുടർച്ചയായി 15 കൊല്ലം ഡൽഹി ഭരിച്ച കോൺഗ്രസ്സിന് 2013 മുതൽ നടന്നിട്ടുള്ള മൂന്നു ഇലക്ഷനുകളിൽ ഒരാളെപ്പോലും ജയിപ്പിക്കാനായില്ല! 15 കൊല്ലം ഡൽഹി ഭരിച്ചതിന്റെ ഗുണം! ഇപ്പോഴിതാ പത്തുകൊല്ലം തുടർച്ചയായി ഭരിച്ച ആം ആദ്മി പാർട്ടിയും വീണിരിക്കുന്നു. അന്ന് കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായിരുന്ന ഷീല ദീക്ഷിത് ഇലക്ഷനിൽ തോറ്റെങ്കിൽ ഇന്നിതാ മുഖ്യമന്ത്രിയായിരുന്ന അരവിന്ദ് കേജ്‌രിവാൾ തോറ്റിരിക്കുന്നു. അതുകൊണ്ട് തുടർച്ചയായി അധികാരക്കസേരയിൽ ഇരിക്കുന്നവർ ചിന്തിക്കുക, തങ്ങളുടെ ചെയ്തികളെ പരിശോധിക്കുക, തിരുത്തുക.

**ബോഡി ഷെയ്മിങ് ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് ഹൈക്കോടതി. തടിച്ചത്, മെലിഞ്ഞത്, കറുത്തത് എന്നൊന്നും പറയരുത്**

ബോഡി ഷെയ്മിങ് ഏറ്റവും ആദ്യം ആരംഭിക്കുന്നതും പടർന്നുപന്തലിക്കുന്നതും വിദ്യാലയങ്ങളിലും കലാലയങ്ങളിലും ആണ്. ടീച്ചർമാരെ വിളിക്കുന്ന ഇരട്ടപ്പേരുകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാകും. കറുത്തമ്മ,

ആന, നീർക്കോലി, മത്തങ്ങ... ഇതുപോലെത്തന്നെയാണ് കൂട്ടുകാരെ കളിയാക്കി വിളിക്കുന്ന പേരുകളും...

സിനിമാക്കാരും പ്രസംഗകരും മിമിക്രിക്കാരും കാർട്ടൂൺകാരും ആളുകളെ ചിരിപ്പിക്കുന്നതിന് ബോഡി ഷെയ്മിങ് നടത്തുന്നു. ബോഡി ഷെയ്മിങ് നിരോധിച്ചാൽ ഇവരിൽ പലരുടെയും കഞ്ഞികുടി മുട്ടും.

**പാതിവില തട്ടിപ്പ്: ഇതുവരെ 3600 പരാതി**

2022 ഫെബ്രുവരി 7 ലെ പത്രത്തിലെ ഹെഡിംഗ് ആണിത്. അനന്തുകൃഷ്ണനാണ് പാതിവില തട്ടിപ്പ് എന്ന പുതിയ തട്ടിപ്പുമായി രംഗത്തിറങ്ങി കോടികൾ പിരിച്ചെടുത്തത്. തയ്യൽമെഷീൻ, ലാപ്ടോപ്, സ്കൂട്ടർ തുടങ്ങിയവയെല്ലാം പകുതിവിലയ്ക്ക് വിതരണം ചെയ്യുന്നതാണ് എന്ന് അയാൾ അറിയിക്കുന്നു. കേട്ട പാടെ കുറെയാളുകൾ പകുതിവില അടയ്ക്കുന്നു. വളരെ വൃത്തിയായി ആളുകളെ പറ്റിച്ചുകൊണ്ട് അനന്തുകൃഷ്ണൻ മുന്നേറി. ഓന്ത് ഓടിയാൽ എത്രടം വരെ ഓടും? ഓന്തിന്റെ കാര്യം വിടാം; അനന്തു ഓടിയാൽ എത്രടം വരെ ഓടും? പുള്ളിക്കാരൻ ഇപ്പോൾ പോലീസ്കസ്റ്റഡിയിൽ, കേരളപ്പോലീസിന്റെ 'സ്നേഹവാത്സല്യങ്ങൾ' നുകർന്ന് കഴിയുന്നു. തേക്ക്, മാഞ്ചിയം, ആട് ഫാം.... തട്ടിപ്പിന്റെ എത്രയോ മുഖങ്ങൾ! എത്ര പഠിച്ചാലും പഠിക്കാത്ത കോവർകഴുതകളുള്ള നാട്ടിൽ എല്ലാ തട്ടിപ്പുകൾക്കും നല്ല വളക്കൂറുള്ള മണ്ണാണ്. പാതിവിലയല്ല, മുഴുവൻവില തന്നെ ഇളച്ചുകൊടുത്തുകൊണ്ട് ദൈവം സൗജന്യമായി കൊടുക്കുന്ന പാപമോചനം സ്വന്തമാക്കാൻ ഇവർക്കൊന്നും താത്പര്യവുമില്ല!

**104 ഇന്ത്യക്കാരെ വിലങ്ങും ചങ്ങലയുമണിയിച്ച് യുഎസ് തിരിച്ചയച്ചു. കൂട്ടത്തിൽ 25 സ്ത്രീകളും 12 കുട്ടികളുമുണ്ടായിരുന്നു.**

കുറെയാളുകളുടെ വിലങ്ങും ചങ്ങലയും പൊട്ടിച്ചെറിഞ്ഞ് അടിമത്തം ഇല്ലാതാക്കിയ എബ്രഹാം ലിങ്കന്റെ പിൻഗാമികൾ തന്നെ ഇത് ചെയ്യണം. ആ 104 പേർ മനുഷ്യരായിരുന്നു എന്ന കാര്യം അമേരിക്കക്കാർ മറന്നുവോ! ആരോട് ചോദിക്കാൻ? പണ്ട് റെഡ് ഇന്ത്യൻസിനെ കൂട്ടക്കുരുതി നടത്തിയും, കാട്ടിലേക്ക് ഓടിപ്പിച്ചും, അവരുടെ ഭൂമി മുദ്രപ്പത്രത്തിൽ ഒപ്പിട്ടുവാങ്ങിയും വളർത്തിയെടുത്ത അമേരിക്ക എന്ന സാമ്രാജ്യത്തിൽ വീണൊഴുകിയ ചോരപ്പാടുകളുടെ പഴയ കഥകൾ ചരിത്രം പഠിക്കുന്നവർ മറക്കുകയില്ല. അനധികൃത കുടിയേറ്റക്കാരെ ഇതുപോലെ വിലങ്ങും ചങ്ങലയുമണിഞ്ഞ് പറഞ്ഞയയ്ക്കുകയാണെങ്കിൽ, അമേരിക്കയിൽ അവശേഷിച്ചിട്ടുള്ള റെഡ് ഇന്ത്യൻസ് എത്ര അമേരിക്കക്കാരെ വിലങ്ങും ചങ്ങലയും അണിയിക്കേണ്ടിവരും?

അനധികൃത കുടിയേറ്റത്തെ ന്യായീകരിക്കുന്നില്ല. അതോടൊപ്പം, മനുഷ്യത്വരഹിതമായ ഇത്തരം പ്രവൃത്തികളോടും വെറുപ്പാണുള്ളത്.

**പിഎസ്‌സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം കൂട്ടി.**

അധികമൊന്നും കൂട്ടിയിട്ടില്ല. വെറും ഒന്നര ലക്ഷം മാത്രം. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളമായ ഏകദേശം രണ്ടര ലക്ഷം രൂപ ഏകദേശം നാലു ലക്ഷം രൂപയാകും. അത്രേയുള്ളൂ. നിസ്സാരം. മാസം തോറും ഓരോരുത്തർക്കും ഏകദേശം നാലു ലക്ഷം രൂപ ശമ്പളം. ഭയങ്കര ടഫ് ജോലിയാണല്ലോ ആ സാറന്മാർ ചെയ്യുന്നത്. പരീക്ഷകൾ നടത്തുക, റാങ്ക് ലിസ്റ്റ് തയ്യാറാക്കുക, അത് പ്രസിദ്ധീകരിക്കുക... പിന്നെ... പിന്നെ എന്താ... അടുത്ത പരീക്ഷ നടത്തുക. അപ്പോൾ ആദ്യത്തെ റാങ്ക്‌ലിസ്റ്റ് റദ്ദാകുന്നതുകൊണ്ട് അതിൽ പേരുള്ള പാവങ്ങൾ സംഘടിച്ച് സമരം നടത്തും. അപ്പോൾ... അപ്പോൾ ഒന്നൂല്ല... ആ പാവങ്ങൾ കുറെ നേരം വെയിലുകൊണ്ട് തളരുമ്പോൾ വീട്ടിലേക്ക് പൊയ്ക്കോളും.

പിഎസ്‌സി അംഗമാകാൻ എന്തു ചെയ്യണം? എന്തു യോഗ്യത വേണം? ഡോക്ടറേറ്റ്, ഐഎഎസ്.... ഒന്നും വേണ്ടെന്നേ. രാഷ്ട്രീയപരിഗണനയാണത്രേ മുഖ്യമാനദണ്ഡം! ഭാഗ്യവാന്മാർ! മാസംതോറും ഏകദേശം നാലു ലക്ഷം രൂപ! തല കറങ്ങുന്നു ദൈവമേ! അവറ്റകൾക്ക് നാലു ലക്ഷം രൂപ കിട്ടുന്നത് കേട്ടിട്ടല്ല, ഇന്നാട്ടിലെ ചില ശമ്പളപരിഷ്കാരങ്ങളോർത്ത്!

**വരവിചാരം** **ജെയ്മോഹൻ അതിരുങ്കൽ**

**"യേശു കുഞ്ഞായിരിക്കുമ്പോൾ തൈരും തേനുംകൊണ്ടാണ് ഉപജീവിച്ചത്. കാരണം മറിയത്തിന് മുലപ്പാൽ ഇല്ലായിരുന്നു. കാരണം മറിയ കന്യക ആയിരുന്നു" – ഒരു പാസ്റ്ററുടെ പ്രസംഗം**





# www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?
24. The Search for Truth

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th March 2025

Posted at
Thrissur RMS

## ആനുകാലികം

# 'സൂപ്പർ' തലമുറ!

താമരശ്ശേരിയിലെ ഒരു ട്യൂഷൻസെന്ററിൽ പത്താംക്ലാസ്സിലെ കുട്ടികൾക്കായി ക്രമീകരിച്ച യാത്രയയപ്പ് പരിപാടിയെത്തുടർന്ന് വിദ്യാർത്ഥികൾ രണ്ടു ഗ്രൂപ്പായി ഏറ്റുമുട്ടുകയും അതിൽ ഒരു പതിനഞ്ചുകാരൻ കൊല്ലപ്പെടുകയും ചെയ്തു. (2025 മാർച്ച് 1 ലെ പത്രവാർത്ത)

ഒരു ടീം ഡാൻസ് കളിച്ചപ്പോൾ മറ്റൊരു ടീം കൂവി. സംഘട്ടനത്തിന്റെ കാരണം ഇതാണ്. എന്തെങ്കിലും ഒരു കാരണം കിട്ടാൻ നമ്മുടെ കുട്ടികൾ കാത്തിരിക്കുകയായിരുന്നുവോ? വാട്സാപ്പിലൂടെയും ഇൻസ്റ്റഗ്രാമിലൂടെയും പ്രകോപനപരമായ സന്ദേശങ്ങൾ അയച്ച് രണ്ട് ടീമും സംഘടിക്കുകയും പരസ്പരം തല്ലുകയും ചെയ്തു. ആവേശം! കോപം! പതിനഞ്ചുവയസ്സു മാത്രം പ്രായമുള്ള കൗമാരക്കാർ, മാതാപിതാക്കളുടെ തണലിൽ കഴിയുന്നവർ, ഗവൺമെന്റിന്റെ ഭാഷയിൽ പറഞ്ഞാൽ ആശ്രിതർ (dependents), വീട്ടുകാരുടെയും ബന്ധുക്കളുടെയും പ്രിയപ്പെട്ട ഉണ്ണി, വാവ, കുഞ്ഞാണി, സുട്ട്രു, മുത്ത്, സ്വത്ത്, കണ്ണൻ....

മൊബൈലിന്റെ അമിതോപയോഗവും തെറ്റായ കൂട്ടുകെട്ടുകളും നമ്മുടെ കുട്ടികളെ എത്രത്തോളം വഴിതെറ്റിക്കുന്നു എന്നതിന്റെ പുതിയ ഉദാഹരണമാണ് ഈ സംഭവം. പക്ഷേ നിയമവിദഗ്ദർ എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടത്തിലെ ചില ചിത്തരോഗികൾ പുതിയ നിയമം ഉടനെ ഉണ്ടാക്കും: ട്യൂഷൻസെന്ററിൽ പത്താംക്ലാസ്സുകാർക്ക് യാത്രയയപ്പ് പരിപാടി പാടില്ല എന്നായിരിക്കും ആ നിയമം. യഥാർത്ഥ പ്രശ്നം മൊബൈലും തെറ്റായ കൂട്ടുകെട്ടും ആയിരുന്നു. അതിനുള്ള പ്രതിവിധി ഇവർക്ക് നിർദ്ദേശിക്കാനില്ല. ടൂറിസ്റ്റ് ബസ് അപകടത്തിൽ പെട്ടപ്പോൾ എല്ലാ ടൂറിസ്റ്റ് ബസുകളും വെള്ള പെയിന്റ് അടിക്കണം എന്ന നിയമം ഉണ്ടാക്കിയ നാടാണല്ലോ നമ്മുടേത്!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V